"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-തദ്ദേശ സ്ഥാപനങ്ങൾ കിണർ റീചാർജിംഗ് ഏജൻസികൾ മുഖേന നടപ്പാക്കുന്നത് - യൂണിറ്റ് കോസ്റ്റിന്റെ കാര്യത്തിൽ വ്യക്തത വരുത്തി ഉത്തരവാകുന്നു.

## തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

G.O.(Rt)No.1808/2019/LSGD തീയതി,തിരുവനന്തപുരം, 21/08/2019

പരാമർശം:- 1 സർക്കുലർ നം.ഡി.ഡി.2-343/2017/ത.സ്വ.ഭ.വ തീയതി 22.08.2017

2 സ.ഉ.(സാധാ)നം.3989/2017/ത.സ്വ.ഭ.വ തീയതി 12.12.2017

3 സ.ഉ.(സാധാ)നം.2867/2018/ത.സ്വ.ഭ.വ തീയതി 08.11.2018

4 റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് റിസർച്ച് ആൻഡ് ഡവലപ്മെന്റ് സെന്റർ (RHRDC) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 19.03.2019-ലെ അപേക്ഷ

5 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 03.07.2019-ലെ ഡി.ബി.3-6645/18/സിഇ നമ്പർ കത്ത്

## ഉത്തരവ്

തദ്ദേശ സ്ഥാപനങ്ങൾ കിണർ റീചാർജ്ജിംഗിനായി പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ ജില്ലാ ആസൂത്രണ സമിതി തെരഞ്ഞെടുക്കുന്ന അംഗീകൃത ഏജൻസികൾ മുഖേന പ്രവൃത്തി നടപ്പാക്കുന്നതിനും ഏജൻസികൾക്ക് നേരിട്ട് ബിൽ തുക നൽകുന്നതിനും 16.10.2018-ലെ വികേന്ദ്രീകൃതാസൂത്രണ കോർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം നിബന്ധനകളോടെ അനുമതി നൽകി പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. കിണർ റീചാർജ്ജിംഗിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള ഉയർന്ന പരിധിയായി പരാമർശം (1) പ്രകാരം നിശ്ചയിക്കപ്പെട്ട 6000/- രൂപ എന്ന നിരക്ക് കണക്കാക്കേണ്ടതാണെന്നും ടി ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ 15.11.17-ലെ കോഓർഡിനേഷൻ സമിതി യോഗതീരുമാന പ്രകാരം പുറപ്പെടുവിച്ച പരാമർശം (2) ഉത്തരവിൽ കിണർ റീചാർജിംഗിന്റെ യൂണിറ്റ് നിരക്ക് പരന്ന മേൽക്കൂരയുള്ള ഭവനങ്ങൾക്ക് 8000/-രൂപയും ചരിഞ്ഞ മേൽക്കൂരയുള്ള ഭവനങ്ങൾക്ക് 8600/-രൂപയും ആയി നിശ്ചയിക്കപ്പെട്ടിട്ടുണ്ടെന്നും ആയതിനാൽ തദ്ദേശ സ്ഥാപനങ്ങൾ അംഗീകൃത ഏജൻസികൾ മുഖേന കിണർ റീചാർജിംഗ് പദ്ധതി നിർവ്വഹണം നടത്തുമ്പോൾ സ്വീകരിക്കേണ്ട യൂണിറ്റ് കോസ്റ്റിന്റെ കാര്യത്തിൽ വ്യക്തത നൽകണമെന്നും തൃശ്ശൂർ ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട ഏജൻസികളിൽ ഒന്നായ റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് റിസർച്ച് ആൻഡ് ഡവലപ്മെന്റ് സെന്റർ പരാമർശം (4) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സൂചിപ്പിച്ച സാഹചര്യത്തിൽ പരാമർശം (3) ഉത്തരവ് ചുവടെ പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജില്ലാ ആസൂത്രണ സമിതി തെരഞ്ഞെടുക്കുന്ന അംഗീകൃത

ഏജൻസികൾ മുഖേന കിണർ റീചാർജിംഗിനായി പ്രോജക്ട് ഏറ്റെടുക്കുമ്പോൾ പരാമർശം (2) പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള നിരക്കുകൾ ഉയർന്ന പരിധിയായി കണക്കാക്കേണ്ടതാണ്. മേൽ പറഞ്ഞ ഭേദഗതിയോടെ പരാമർശം (3) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BIJUKUTTAN.M.S
ADDITIONAL SECRETARY

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനിയർ, തദ്ദേശ സ്വയംഭരണവകുപ്പ്

മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

എല്ലാ ഗ്രാമ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്),തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ),തിരുവനന്തപുരം

ഡയറക്ടർ, ഇൻഫോർമേഷൻ കേരളം മിഷൻ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് റിസർച്ച് ആൻഡ് ഡവലപ്മെന്റ് സെന്റർ, തൃശ്ശൂർ

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Nisam. v

സെക്ഷൻ ഓഫീസർ

rhrdckerala@gmail.com